(ഐ) ഇതേ മാസത്തിൽ കെ. എസ്. യു. പ്രവർത്തകൻ മനുവിന്റെ വീട് തകർത്തസംഭവം ഉണ്ടായിട്ടുണ്ടോ ;

(ജെ) ഇതു സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കേസ്സിലെ പ്രതികൾ ആരെല്ലാമാണ് ;

(കെ) ഇവരെ അറസ്റ്റുചെയ്തുവോ ; എങ്കിൽ സംഭവം നടന്ന് എത്ര ദിവസത്തിനുള്ളിലാണ് ആദ്യത്തെ അറസ്റ്റ് നടന്നത് ?

ഉത്തരം

(എ-കെ) ബിനീഷിനെ ആക്രമിച്ചസംഭവവുമായി ബന്ധപ്പെട്ട് രണ്ടു പേരെ പോലീസ് അറസ്റ്റുചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നുവരികയാണ്. അനസിനെ അക്രമിച്ചസംഭവത്തെക്കുറിച്ചും മനുവിന്റെ വീട് അക്രമിച്ച സംഭവത്തെക്കുറിച്ചും കേസന്വേഷണം നടന്നുവരികയാണ്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് കാലതാമസം കൂടാതെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്നു കേസ്സുകളുടേയും അന്വേഷണം ഊർജ്ജിതപ്പെടുത്തുവാനും ഡി.ജി.പി ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനധികൃത സ്ഫോടക വസ്തു നിർമ്മാണം

154 (156) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി സ്ഫോടക വസ്തുക്കൾ നിർമ്മിക്കുന്നതായിട്ടുള്ള കേസുകൾ കണ്ടുപിടിച്ചിട്ടുണ്ടോ ;

(ബി) നിർമ്മാണത്തിനിടയിൽ സ്ഫോടനം ഉണ്ടായി ആൾ നാശവും അഗ്നിബാധയും ഉണ്ടായ കേസുകൾക്ക് ഉത്തരവാദികളായവർക്കെതിരെ കേസെടുത്ത് ശിക്ഷനൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഇവരുടെ രാഷ്ട്രീയ ബന്ധം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായി ചാർജ്ജ് ചെയ്തവ വിചാരണയിലാണ്.

(ഡി) എല്ലാ കേസുകളുടേയും അന്വേഷണം പൂർത്തിയായാൽ മാത്രമേ പ്രതികളെക്കുറിച്ച് പൂർണ്ണ രൂപം ലഭിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly